07/06/2025

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU.K.S** **Editor: Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/06/2025

1. ദേശീയ കർഷക രജിസ്ട്രി -കേന്ദ്ര സർക്കാർ ആവിഷ്കരിച്ച അഗ്രി സ്റ്റാക്ക് സംവിധാനത്തിന്റെ പിന്തുണയോടെ നടപ്പിലാക്കുന്ന കർഷകരുടെയും കൃഷി ഭൂമിയുടെയും ഏകീകൃത രജിസ്ട്രേഷൻ സംവിധാനം. രജിസ്റ്റർ ചെയ്ത കർഷകർക്ക് ആധാർ അധിഷ്ഠിത യൂണിഫൈഡ് ഫാർമർ സർവീസ് ഇന്റർഫേസ് (UFSI) സംവിധാനത്തിൽ ദേശീയ അംഗീകാരമുള്ള യുണീക്ക് ഐ.ഡി.കാർഡ് ലഭ്യമാക്കും. പി.എം. കിസാൻ ഗുണഭോക്താക്കളായ മുഴുവൻ കർഷകർക്കും തുടർന്ന് ആനുകൂല്യം ലഭിക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാണ്. കർഷകർക്ക് അടുത്തുള്ള കൃഷി ഭവൻ സന്ദർശിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്. രജിസ്റ്റർ ചെയ്യുവാനുള്ള അവസാന തീയതി 31.07.2025. കൂടുതൽ വിവരങ്ങൾക്ക് ടോൾ ഫ്രീ നമ്പർ 1800-425-1661

2. തിരുവനന്തപുരം ജില്ലയിലെ പാളയം സാഫല്യം കോംപ്ലക്സിലെ കോർപ്പറേഷൻ കൃഷിഭവനിൽ WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യക്കാർ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു.

3. കേരള കാർഷിക സർവകലാശാലയുടെ പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ജൂൺ രണ്ട് മുതൽ എല്ലാ പ്രവൃത്തി ദിനങ്ങളിലും സങ്കരയിനം (ടി എക്സ് ഡി) തെങ്ങിൻ തൈകൾ വിതരണം ചെയ്യും. സമയം: രാവിലെ 9.30 മുതൽ വൈകീട്ട് നാല് വരെ. തെങ്ങിൻ തൈ ഒന്നിന് 325 രൂപ. ഫോൺ: 0467 2260632, 8547891632.

4. ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിലെ തഴക്കര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാ കൃഷിത്തോട്ടത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ 48 മരങ്ങൾ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുറിച്ച് മാറ്റി വിൽക്കുന്നതിനായി പരസ്യമായി ലേലം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ 0479-2357690,9383470691, E-mail:noorekkar@gmail.com

5. വെള്ളായണി കാർഷിക കോളേജിലെ മോളിക്യുലാർ ബയോളജി & ബയോടെക്നോളജി വിഭാഗത്തിൽ ബയോ ഇൻഫർമാറ്റിക്സ് വിഷയം കൈകാര്യം ചെയ്യുന്നതിനായി ഒരു അസിസ്റ്റന്റ് പ്രൊഫസറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ക്-ഇൻ- ഇന്റർവ്യൂ നടത്തുന്നു. പ്രതിമാസം പരമാവധി വേതനം 44,100/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കോ, സ്ഥിരനിയമനം നടത്തുന്നതുവരെയോ ഉള്ള കാലയളവിലേക്കാണ് നിയമനം. ബയോ ഇൻഫർമാറ്റിക്സ്-ൽ ബിരുദാനന്തര ബിരുദവും, പി.എച്ച്.ഡി/നെറ്റ് യോഗ്യതയും ഉള്ള ഉദ്യോഗാർത്ഥികൾ, വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം തിരുവനന്തപുരത്തുള്ള വെള്ളായണി കാർഷിക കോളേജ്, ഡീൻ ഓഫ് ഫാക്കൽറ്റിയുടെ ഓഫീസിൽ 17/06/2025-ന് രാവിലെ 09.30 മണിക്ക് ഹാജരാകേണ്ടതാണ്. നെറ്റ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ നെറ്റ് യോഗ്യതയില്ലാത്തവരെയും പരിഗണിക്കുന്നതാണ്. വിശദാംശങ്ങൾ www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

6. ക്ഷീര വികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽവച്ച് 2025 ജൂൺ മാസം 12, 13 തീയതികളിൽ "ശുദ്ധമായ പാലുൽപ്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 2025 ജൂൺ 11 -ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911 മേലിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം പാലസ് പട്ടം. പി.ഒ. തിരുവനന്തപുരം – 695004 Email ID:principaldtctvm@gmail.com

7. കേരളത്തിലെ റബ്ബറുത്പന്ന നിർമാതാക്കൾക്കായി യൂറോപ്യൻ യൂണിയന്റെ വനനാശനനിയന്ത്രണ ചട്ടങ്ങളുമായി (ഇ.യു.ഡി.ആർ.) ബന്ധപ്പെട്ട് റബ്ബർബോർഡ് ഒരു അവബോധനപരിപാടി സംഘടിപ്പിക്കുന്നു. 2025 ജൂൺ 11 ന് എറണാകുളത്ത് വെച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്. യൂറോപ്യൻ യൂണിയന്റെ വനനാശന നിയന്ത്രണ ചട്ടങ്ങൾ പാലിച്ച് ഡ്യൂ ഡിലിജൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ആവശ്യമായ സപ്ലൈ ചെയിൻ മാപ്പിങ്, ട്രേസബിലിറ്റി സിസ്റ്റങ്ങളുടെ വികസനം, തോട്ടങ്ങളുടെ ജിയോ മാപ്പിങ് എന്നിവയെക്കുറിച്ച് റബ്ബറുത്പന്നനിർമാതാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് ഈ പരിപാടി ക്രമീകരിക്കുന്നത്. അവബോധന പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ റബ്ബർബോർഡിന്റെ വെബ്സൈറ്റിൽ (www.rubberboard.gov.in) ലഭ്യമായ ഗൂഗിൾ ഫോമിൽ വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി ഹെൽപ്പ് ലൈൻ നമ്പർ ആയ 8301952290ൽ ബന്ധപ്പെടേണ്ടതാണ്.